4. പ്രസ്തുത ഇടപാടിലെ എല്ലാ നടപടിക്രമങ്ങളും സി-ഡിറ്റിലെ എക്സിക്യൂട്ടീവ് കമ്മിറ്റിയും ഗവേണിംഗ് ബോഡിയും സൂക്ഷ്മ പരിശോധന നടത്തിയശേഷം മാത്രം പ്രസ്തുത കൊറിയർ ഏജൻസിക്ക് നൽകാൻ തുക ബാക്കി ഉണ്ടെങ്കിൽ അത് നൽകാൻ പാടുള്ളൂ.

5. ഗവേണിംഗ് ബോഡിയുടെയും എക്സിക്യൂട്ടീവ് കമ്മിറ്റിയുടെയും യോഗങ്ങൾ ഇടയ്ക്കിടെ ചേരേണ്ടതാണ്.

മേൽപ്പറഞ്ഞ ശിപാർശകൾ സർക്കാർ പരിശോധിച്ചുവരികയാണ്.

ഹാഡ പദ്ധതിയിൻകീഴിലുള്ള മരാമത്ത് പ്രവൃത്തികൾ

9 (4044) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹാഡ (ഹിൽ ഏരിയ ഡെവലപ്മെന്റ് ഏജൻസി) പദ്ധതിയിൻകീഴിൽ സംസ്ഥാനത്തെ വിവിധ മണ്ഡലങ്ങളിലായി എത്ര രൂപയുടെ മരാമത്ത് പ്രവർത്തികൾക്ക് 2015-16-ൽ ഭരണാനുമതി നൽകിയിട്ടുണ്ട് ; നിയോജകമണ്ഡലം തിരിച്ച് വിശദാംശം നൽകാമോ ;

(ബി) എം.എൽ.എ.-മാർ മുഖേന ലഭിച്ച പ്രൊപ്പോസലുകളിൽ ഭരണാനുമതി നൽകുമ്പോൾ ഈ വിവരം അതാതു എം.എൽ.എ.-മാരെ അറിയിക്കുന്നതിൽ വീഴ്ച വരുത്തുന്നത് ഒഴിവാക്കുമോ ?

ഉത്തരം

(എ) 2015-16 സാമ്പത്തിക വർഷം ഹാഡ പദ്ധതിയിൻകീഴിൽ നാളിതുവരെ മരാമത്ത് പണികൾക്കായി ഭരണാനുമതി ഒന്നും നൽകിയിട്ടില്ല.

(ബി) മേലിൽ എം.എൽ.എ-മാരെ നിർബന്ധമായും വിവരം അറിയിക്കുന്നതാണ്.

മലയോര വികസന ഏജൻസി

10 (4045) ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലയോര വികസന ഏജൻസിയുടെ പ്രവർത്തനത്തിനായി ആരെല്ലാമാണ് സഹകരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly